വിരോധമില്ലെന്നു കൃഷിക്കാർപോലും സമ്മതിക്കുന്ന കാര്യമാണ്. പക്ഷേ അതിന്റെ വിതരണത്തിലുണ്ടാകുന്ന ബുദ്ധിമുട്ടു കാരണം ഇനിമേലാൽ പീക്ക് സീസണിൽ ഇറക്കുമതി ചെയ്യുന്ന റബ്ബർ വിതരണം ചെയ്യാൻ പാടില്ല എന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവർ നടപടി സ്വീകരിച്ചു. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ജോസഫ് പറഞ്ഞ അത്രയും മോശമായ സ്ഥിതിയില്ല. റബ്ബർ ബോർഡിൽനിന്നും കിട്ടിയ കണക്കനുസരിച്ച് 1985 ജനുവരിയിൽ 1,432.17 രൂപയായിരുന്നു റബ്ബറിന്റെ വിലയെങ്കിൽ 1986-ൽ 1,665 രൂപയാണ്. അവർ തന്നിട്ടുള്ള കണക്കനുസരിച്ച് 1985 മേയ് മാസത്തിൽ 1,643.59 രൂപയായിരുന്നുവെങ്കിൽ 1986-ൽ 1,703.29 രൂപയാണ്. റബ്ബറിനെ സംബന്ധിച്ചിടത്തോളം വില കീഴ്പോട്ടു പോകുന്ന സ്ഥിതി വന്നിട്ടില്ല. എതായിരുന്നാലുംശരി ഈ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി, ഇറക്കുമതി ചെയ്യുന്നുണ്ടെങ്കിൽ പോലും വിതരണം ചെയ്യുന്നതിന്റെ സൗകര്യംകൊണ്ട് നമുക്ക് ഉൽക്കണ്ഠക്ക് കാര്യമില്ല. വെളിച്ചെണ്ണയെ സംബന്ധിച്ചിടത്തോളം ഇറക്കുമതി നിരോധിച്ചത് രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ഈ രണ്ടു കാര്യത്തിലും ഗവൺമെന്റ് വളരെയധികം ജാഗ്രതയോടുകൂടി കൃഷിക്കാരന് സംരക്ഷണം നൽകാനാവശ്യമായ നടപടികളും സ്വീകരിച്ചു വരികയാണ്.

ശ്രീ. വി. വി. ജോസഫ്: നമ്മുടെ ഗവൺമെന്റുമായി ആലോചിച്ചിട്ടേ ഇറക്കുമതി ചെയ്ത റബ്ബർ ഇവിടെ കമ്പോളത്തിലിറക്കുകയുള്ളൂ എന്നുള്ള ഒരു ധാരണയുണ്ടായിരുന്നു. അതനുസരിച്ച് ഇപ്പോൾ വിലയിടിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ എസ്. ടി. സി.യുടെ റബ്ബർ കമ്പോളത്തിലിറക്കാതിരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: റബ്ബർ ബോർഡിന്റെ കണക്കനുസരിച്ച് വില കുറഞ്ഞതായിട്ട് കാണുന്നില്ല. ഏതായാലും പെട്ടെന്ന് അങ്ങനെ കുറഞ്ഞിട്ടുണ്ടെങ്കിൽ ആ കാര്യം ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനേയും റബ്ബർ ബോർഡിനേയും ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടി സ്വീകരിക്കാം.

IV. സബ്മിഷൻ

(1) ബോണസ് പ്രശ്നം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, കോഴിക്കോട്ടെ പ്രധാനപ്പെട്ട എല്ലാ ടെക്സ്റ്റൈൽ ഫാക്ടറികളിലും ബോണസിനു വേണ്ടിയുള്ള പണിമുടക്ക് നടക്കുകയാണ്. പ്രധാനമായും കോമൺവെൽത്ത് ടെക്സ്റ്റൈൽസിലും കോമൺവെൽത്ത് ടൈൽസിലുമാണ് 3000-ത്തിലധികം തൊഴിലാളികളും ഇന്ന് ബോണസിനുവേണ്ടിയുള്ള സമരം നടത്തുന്നത്. ഏപ്രിൽ മാസം ആദ്യമാണ് സമരം തുടങ്ങിയിട്ടുള്ളത്. ഇന്നുവരെ ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. പഴയ എഗ്രിമെന്റ് പ്രകാരമുള്ള ബോണസ് മാത്രമാണ് അവർ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അതൊന്നും കൊടുക്കുകയില്ല, എട്ടും മൂന്നിലൊന്നു ശതമാനം മാത്രമേ കൊടുക്കുകയുള്ളൂ എന്ന പിടിവാശിയാണ് ഇപ്പോഴും മാനേജ്മെന്റിനുള്ളത്. ദീർഘകാലമായി പണിമുടക്ക് നടക്കുന്നതുകൊണ്ട് കോഴിക്കോട് ടൗണിൽ ജീവിക്കുന്ന തൊഴിലാളികളും മുഴുവൻ പട്ടിണിയിലായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പഴയ കോട്ടൺമിൽ ഇന്ന് പ്രവർത്തനരഹിതമാണ്. കുന്നത്തറ ടെക്സ്റൈൽസ് പൂട്ടിക്കിടക്കുകയാണ്. മാവൂർ കമ്പനിയെ സംബന്ധിച്ച് ഞാൻ പറയേണ്ട ആവശ്യമില്ല. കഴിഞ്ഞ ഒരു കൊല്ലമായി പൂട്ടിക്കിടക്കുകയാണ്. കോഴിക്കോട് പട്ടണത്തിൽത്തന്നെയുമുള്ള കച്ചവടം 45 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ ഇതുവരെ ഗവൺമെന്റ്നിലവാരത്തിൽ ഒരു കോൺഫറൻസ് വിളിച്ചിട്ടില്ല. മാവൂരിൽ പ്രഹസനമാണ് നടത്തിയത്. ഇവിടെ കോൺഫറൻസ്പോലും വിളിച്ചില്ല. ഇത് പണ്ട് ബേസൽമിഷൻ കമ്പനിയായിരുന്നു. പിന്നീട് ഒന്നാം ലോകമഹായുദ്ധകാലത്ത് യുദ്ധനഷ്ടത്തിന് അത് ജർമ്മൻകാരിൽനിന്നു പിടിച്ചെടുത്തതായിരുന്നു. സായിപ്പൻമാർ ഇന്ത്യയിൽനിന്നും പോയതിനുശേഷം ഇന്ത്യൻ സായിപ്പൻമാരാണ് ഇത് നടത്തുന്നത്. മറ്റു സായിപ്പൻമാർക്ക് ഒരു മെച്ചമുണ്ടായിരുന്നു. അവർ എഗ്രിമെന്റ് പാലിക്കും. എഗ്രിമെന്റ് പാലിക്കാതെ തൊഴിലാളികളുടെ കഴിവ് നീട്ടിനീട്ടിക്കെണ്ടുപോയി കീഴടക്കാനുള്ള ലൈനാണ് ഈ മാനേജുമെന്റ് സ്വീകരിച്ചിരിക്കുന്നത്. മാവൂർ കമ്പനിയിലെ അതേ മാതൃകയിൽതന്നെയാണ്. ഗവൺമെന്റ് ആണെങ്കിൽ അവസരത്തിനൊത്ത് ഉയരുന്നില്ല. എത്രയും വേഗത്തിൽ തീർക്കാവുന്ന ഈ പണിമുടക്കത്തിന് അടിയന്തിരമായി കൺസിലിയേഷൻ വിളിച്ചുകൂട്ടാനാവശ്യമായ നടപടികളും സ്വീകരിക്കണം.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കോൺഫറൻസിന് വിളിച്ചില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. ഞാൻ തന്നെ 20-5-1986-ലും 18-6-1986-ലും കോൺഫറൻസ് വിളിച്ചു കൂട്ടുകയുണ്ടായി. അത് പരിഹരിക്കുന്നതിനുള്ള നിരവധി പരിശ്രമങ്ങൾ നടത്തി. തുടർന്നും ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ ഡിമാൻറുകളെ സംബന്ധിച്ച്, ബഹുമാനപ്പെട്ട മെമ്പർ, സൂചിപ്പിച്ചതുകൊണ്ട്, അതിനെക്കുറിച്ച് ഒരു വാക്കു പറയുവാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്. ഇപ്പോൾ അവിടെ കരാറുകൾ യാതൊന്നുമില്ല. കരാറുകളുടെ അടിസ്ഥാനത്തിലുള്ള ബോണസ് കൊടുത്തിട്ടില്ലെന്ന് മെമ്പർ തെറ്റിദ്ധരിച്ചതു ശരിയല്ല. ഇക്കൊല്ലത്തെ ബോണസ് എങ്ങനെ കൊടുക്കണമെന്ന് തീരുമാനിക്കുന്നതിന് ഒരു കരാറും ഇപ്പോഴില്ല. അതുകൊണ്ടുതന്നെ നമ്മുടെ രാജ്യത്ത് നിലവിലുള്ള നിയമം അനുസരിച്ചുള്ള ബോണസ് കൊടുക്കാമെന്നാണ് മാനേജുമെന്റ് പറയുന്നത്. അതു ശരിയാണ്. ലാഭമില്ലാത്ത ഒരു കമ്പനി അവർക്ക് നഷ്ടമാണ്. അലോക്കബിൾ സർപ്ലസ് ഇല്ലെന്നാണ് അവരുടെ കണക്കുകളിൽ കാണുന്നത്. അതുകൊണ്ട് എട്ടും മൂന്നിലൊന്നു ശതമാനം ബോണസ് മാത്രമേ നിയമപ്രകാരം അവകാശപ്പെടാൻ കഴിയുകയുള്ളൂ. എന്നാൽ തൊഴിലാളികൾക്ക് 20 ശതമാനം ബോണസും 20 ശതമാനം ലീവ് ട്രാവൽ അലവൻസും ഉൾപ്പെടെ 40 ശതമാനമായി കൺസോളിഡേറ്റു ചെയ്തു ലഭിക്കണമെന്നാണ് അവരുടെ ഡിമാൻറ്. ഏതായാലും കുറച്ചുകൂടി വർദ്ധിപ്പിച്ചു കൊടുക്കാം. അക്കാര്യത്തെപ്പറ്റി, കൂടുതലൊന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്തായാലും എട്ടും മൂന്നിലെന്നു ശതമാനം ബോണസിനുപോലും അവകാശമില്ലാത്ത ഒരു സ്ഥലത്ത് ഞങ്ങൾക്ക് രണ്ടുംകൂടി 20 ശതമാനമായാലും ഞങ്ങൾ നിൽക്കുകയില്ല, എന്ന ഒരു നിലപാട് വന്നാൽ അക്കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിലും, അതിനെല്ലാം ഒരു പരിമിതിയുണ്ട്. നമ്മുടെ വ്യവസായ വികസനത്തിന് അങ്ങനെയുള്ള ഒരു സമീപനം ശരിയാണോ എന്നുള്ളത് നമ്മളെല്ലാവരും ആലോചിക്കേണ്ട ഒരു വിഷയമാണ്. ഏതായാലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ഒത്തുതീർപ്പിനുള്ള പരിശ്രമങ്ങൾ തുടരുന്നതാണ്.

(2) റേഷൻ കാർഡ് ലഭിച്ചില്ലെന്ന പരാതി

ശ്രീ. സി. റ്റി. കൃഷ്ണൻ: സർ, പാലക്കാടു ജില്ലയിലെ ആയിരക്കണക്കിനാളുകൾക്ക് സ്ഥിരം റേഷൻ കാർഡുകൾ കൊടുക്കാത്തതുകൊണ്ട് റേഷൻ സാധനങ്ങൾ വാങ്ങാൻ കഴിയാതെ കാർഡുടമകൾ വിഷമിക്കുകയാണ്. കഴിഞ്ഞ മാർച്ചുമാസത്തിൽ ലക്ഷക്കണക്കിന് കാർഡുടമകൾക്ക് സ്ഥിരം കാർഡുകൾ കൊടുത്തിട്ടില്ലാത്തതുകൊണ്ട് അനുഭവിക്കുന്ന വിഷമങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞപ്പോൾ, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറഞ്ഞത്, വിശദാംശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും സകല ആളുകൾക്കും കാർഡ് കൊടുക്കുകയും ചെയ്യുമെന്നുമാണ്. സർ, എന്നിട്ട് ഇപ്പോൾ കാർഡുകൾ ലഭിക്കാത്തതുകൊണ്ട് വില്ലേജ് ഓഫീസുകൾ, പഞ്ചായത്താഫീസുകൾ, സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ പാവപ്പെട്ട ആളുകൾ കയറിയിറങ്ങുകയാണ്. ജൂൺ മാസം 1-ാം തീയതി മുതൽ അവർക്ക് റേഷൻ സാധനങ്ങൾ വാങ്ങാൻ നിവൃത്തിയില്ല. അതിനെതിരായി, കാർഡുടമകൾ, സപ്ലൈ ഓഫീസുകൾ അടക്കം പിക്കറ്റു ചെയ്തു. റേഷൻ കാർഡില്ലാതെ ഇന്ന് ജീവിക്കുവാൻ സാധിക്കുകയില്ല. മണ്ണെണ്ണയോ, അരിയോ, പഞ്ചസാരയോ വാങ്ങാൻ മാത്രമല്ല, ആശുപത്രികളിൽ പോയി ചികിത്സ കിട്ടണമെങ്കിൽപോലും ഇന്ന് റേഷൻ കാർഡുകൾ വേണം. വരുമാന സർട്ടിഫിക്കറ്റ് കിട്ടണമെങ്കിലും റേഷൻകാർഡ് വേണം. റേഷൻകാർഡ് വളരെ അത്യാവശ്യമായിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ ആയിരക്കണക്കിനാളുകൾക്ക് സ്ഥിരം റേഷൻ കാർഡ് ഇതുവരെയും കൊടുത്തിട്ടില്ല. സർ, 10-ഉം 12-ഉം വയസ്സായ കുട്ടികളുടെ പേരുകൾ പോലും ഇന്ന് റേഷൻകാർഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതുതായി കല്യാണം കഴിച്ചുകൊണ്ടുവന്നവരുടെ പേരുകൾ ചേർക്കുന്നില്ല. ജ്യേഷ്ഠനും അനുജനും തമ്മിൽ ഭാഗംപിരിഞ്ഞുപോയാൽ അവർക്ക് കാർഡ് പിരിച്ചു നൽകുന്നില്ല. ഇതൊന്നും ചെയ്യരുതെന്നാണ് കാർഡുകൾ പുതുക്കുന്ന സമയത്ത് മന്ത്രി ഉത്തരവ് കൊടുത്തിരുന്നത്. പഴയ കാർഡുകളിലുള്ള പേരുകൾമാത്രം പുതിയ കാർഡുകളിൽ ചേർത്താൽ മതിയെന്നും, പഴയകാർഡുകളിൽനിന്നും യൂണിറ്റുകൾ പിരിച്ച് പുതിയ കാർഡുകൾ കൊടുക്കേണ്ടതില്ലെന്നും, പുതിയ പേരുകൾ ഒന്നുംതന്നെ പുതിയ കാർഡുകളിൽ ഉൾക്കൊള്ളിക്കേണ്ടതില്ലെന്നുമാണ് നിർദ്ദേശം കൊടുത്തിരുന്നത്. ഇക്കാരണങ്ങൾമൂലം കുടുംബങ്ങളിൽനിന്നും ഭാഗം പിരിഞ്ഞവർക്കും പുതിയ കാർഡില്ലാത്തതുകൊണ്ട്, റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കാത്ത ഒരു സാഹചര്യമാണിന്ന് നിലവിലുള്ളത്. അങ്ങനെ പാലക്കാടു ജില്ലയിലെ ആയിരക്കണക്കിന് പാവപ്പെട്ടയാളുകൾ പട്ടിണിയിലാണ്. ഞാൻ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly